ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : എക്സൈസ് ഡിപ്പാർട്ടുമെൻറിൽ ചെയ്യുന്നതു പോലെ, എക്സിക്യൂട്ടീവ് സ്റ്റാഫിലേക്ക് ഇവരെ പ്രമോട്ടുചെയ്യുന്ന സംപ്രദായമുണ്ടോ ?

ശ്രീ. ആർ. ശങ്കർ : അവക്കും റിക്രൂട്ടുമെൻറു സമയത്തു് ഹാജരാകാൻ അനുവാദം കൊടുത്തിട്ടുണ്ടു്.

## ഭൂരഹിതരായ കർഷകത്തൊഴിലാളികൾ.

*162. [18] ശ്രീ. എം. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരായ കർഷകത്തൊഴിലാളികളെ പുറമ്പോക്കു് ഭൂമികളിൽ സെറ്റിൽ ചെയ്യുന്നതിനുള്ള പരിപാടി നടപ്പിലാക്കിയോ ;

(ബി) എങ്കിൽ ടി പദ്ധതി അനുസരിച്ചു് എത്ര കർഷകത്തൊഴിലാളികളെ സെറ്റിൽ ചെയ്തിട്ടുണ്ടു്?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) പരിപാടി നടപ്പിലാക്കി വരുന്നു.

(ബി) കാസർഗോഡു താലൂക്കിൽ 1,500 കുടുംബങ്ങളേയും, ഹോസ്ദുർഗ് താലൂക്കിൽ 500 കുടുംബങ്ങളേയും കുടിയിരുത്തുന്ന ഏർപ്പാടു് വളരെ താമസിയാതെ പൂർത്തിയാകുന്നതാണു്.

ശ്രീമതി കുസുമം : റൂറൽ ഹൗസിംഗ് സ്കീം അനുസരിച്ചു് വളരെ തുച്ഛമായ വരുമാനം മാത്രമുള്ള ആളുകൾക്കു് വീടുകെട്ടാനുള്ള തുക കൊടുക്കുന്ന കൂട്ടത്തിൽ അതിനു് അലോട്ടുചെയ്തിട്ടുള്ള തുക ഉപയോഗിച്ചു് ഭൂമി അക്വയർ ചെയ്തു കൊടുക്കുന്നതിനുള്ള പദ്ധതിക്കുകൂടി സാംക്ഷൻ കിട്ടിയിട്ടുണ്ടെന്നു അറിയുന്നു. അതു് ത്വരിതഗതിയിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. ആർ. ശങ്കർ : ഇപ്പോഴത്തെ ഗവണ്മെൻറു വക പുറംപോക്കു ഭൂമിയാണു നൽകുന്നതു്. ഇതിനു പ്രത്യേകമായി ഒരു ഫണ്ടു് അലോട്ടുചെയ്തിട്ടുണ്ടു്. 10 ലക്ഷത്തിൽപരം രൂപ ഉണ്ടെന്നാണു് എൻറെ ഓർമ്മ. ആ തുക ഉപയോഗിച്ചു് റീഹാബിലിറ്റേറ്റു് ചെയ്യുവരികയാണു്. അതിൽ പണം ബാക്കി വരികയാണെങ്കിൽ ഭൂമി അക്വയർചെയ്തു ആളുകളെ താമസിപ്പിക്കുന്നതിനുള്ള പരിപാടിയെപ്പറ്റി ആലോചിക്കുന്നതാണു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഭൂമി അക്വയർചെയ്തു കൊടുക്കുന്ന കേന്ദ്ര ഗവണ്മെൻറിൻറെ ഒരു സ്കീം ഉണ്ടോ ; ഉണ്ടെങ്കിൽ ആ ഫണ്ടു് ഈ ഗവണ്മെൻറു് ഉപയോഗപ്പെടുത്തിയിട്ടുണ്ടോയെന്നു പറയാമോ ?

ശ്രീ. ആർ. ശങ്കർ : അതിനൊരു പ്രത്യേക ചോദ്യം ചോദിക്കണം.

ശ്രീ. ടി. കൃഷ്ണൻ : അമ്പലപ്പുഴ, കുട്ടനാടു്, കരുനാഗപ്പള്ളി മുതലായ പ്രദേശങ്ങളിൽ താമസിക്കുന്ന കാർഷികത്തൊഴിലാളികൾക്കു പുറംപോക്കു ഭൂമി കിട്ടാൻ വളരെ പ്രയാസമുണ്ടു്. അവരെസംബന്ധിച്ചു് എന്തു നടപടിയെടുക്കാനാണുദ്ദേശിക്കുന്നതു് ?

ശ്രീ. ആർ. ശങ്കർ : തീരപ്രദേശങ്ങളിൽ താരതമ്യേന പുറമ്പോക്കു ഭൂമി കുറവാണു്. ഈ പറഞ്ഞ താലൂക്കുകളിൽ പുറംപോക്കു കുറെയുണ്ടു്. അതു കൊടുത്തശേഷം ഫണ്ടു് ബാക്കിയുണ്ടെങ്കിൽ ഭൂമി അക്വയർചെയ്യുന്ന കാര്യത്തെപ്പറ്റി ആലോചിക്കുന്നതാണു്.

ശ്രീ. ഒ. കോരൻ : ഓരോ കുടുംബത്തിനും എത്ര ഏക്കർവീതം പതിച്ചു കൊടുക്കാനാണുദ്ദേശിക്കുന്നതു് ?

ശ്രീ. ആർ. ശങ്കർ : കൃഷിചെയ്യാൻ തക്കവണ്ണം കൊടുക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് ചാഴിക്കാട്ട് : കാസർകോഡ് താലൂക്കിൽ ഏതാനും ആയിരം ഏക്കർ സ്ഥലം വനമായി മാറ്റിയിട്ടിരിക്കുകയും അതിൽനിന്നു ഗവണ്മെൻറിനു് യാതൊരാദായവും കിട്ടാതിരിക്കുകയുമാണു്. ആ ഭൂമി ഭൂരഹിതരായ ആളുകൾക്കു് രണ്ടുമൂന്നു് ഏക്കർ വീതം വീതിച്ചുകൊടുക്കുന്നതിനു് ഗവണ്മെൻറു് ആലോചിക്കുമോ ?

ശ്രീ. ആർ. ശങ്കർ : അതുപോലെയൊരു പദ്ധതിയെപ്പറ്റി ഞാൻ പറഞ്ഞു. രണ്ടായിരം കുടുംബങ്ങളെ പാർപ്പിക്കാനുള്ള നടപടികളും നടന്നുകൊണ്ടിരിക്കുകയാണു്. പദ്ധതി പൂർത്തിയായിട്ടില്ല. ഇനിയും ഭൂമി ബാക്കിയുണ്ടെന്നു ഗവണ്മെൻറിനറിയാം. ആ ഭൂമിയിൽ ഒരുഭാഗം മനുഷ്യർക്കു പാർക്കാൻ കൊള്ളാത്ത നിലയിൽ, വെട്ടുകല്ലു് മാത്രമുള്ള ഭൂമിയായതുകൊണ്ടു് അവിടെ കൃഷിചെയ്യാൻ പ്രയാസമാണു്. മഴ പെയ്താൽ വെള്ളം മുഴുവൻ ഒലിച്ചുപോകും. അങ്ങനെയുള്ള സ്ഥലത്തു് തൽക്കാലം റീ ഹാബിലിറ്റേറ്റു് ചെയ്യാൻ സാധിക്കുമോ എന്നു സംശയമാണു്.

## പോലീസ് സ്റ്റേഷനുകളും പോലീസ് ഔട്ട്പോസ്റ്റുകളും

* 163. [19] ശ്രീ. ടി. എ. തൊമ്മൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയതായി ഇക്കൊല്ലം പോലീസ് സ്റ്റേഷനുകളും പോലീസ് ഔട്ട്പോസ്റ്റുകളും തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നത്തേക്കു് ; എവിടെയെല്ലാം;

(സി) മീനച്ചിൽ താലൂക്കിൽ മേലുകാവിൽ ഒരു പോലീസ് സ്റ്റേഷനും വല്യകുമാരമംഗലത്തു് ഒരു പോലീസ് ഔട്ട്പോസ്റ്റും തുടങ്ങുവാൻ മുമ്പുണ്ടാകുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) പുതിയ ഔട്ട്പോസ്റ്റുകളും തുടങ്ങുവാൻ ഉദ്ദേശിക്കുന്നില്ല. പുതിയ പോലീസ് സ്റ്റേഷനുകളും തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടു്.

(ബി) ഈ സാമ്പത്തികവർഷത്തിൽത്തന്നെ കുമരകം, കടുത്തുരുത്തി (കോട്ടയം ജില്ല), കോളവല്ലൂർ (കണ്ണൂർ), ചാത്തന്നൂർ (കൊല്ലം), അമ്പലവയൽ (കോഴിക്കോടു്), മുളന്തുരുത്തി (എറണാകുളം), എന്നീ ആറു് പോലീസ് ഔട്ട്പോസ്റ്റുകളെ ചാർജിംഗ് സ്റ്റേഷനാക്കി ഉയർത്താനും, ഹോമാംബികാനഗർ (പാലക്കാടുജില്ല) പുത്തൻകുരിശു് (എറണാകുളം), എടക്കര (കോഴിക്കോടു്), എന്നീ സ്ഥലങ്ങളിൽ ഓരോ പുതിയ ചാർജിംഗ് സ്റ്റേഷൻ തുറക്കുവാനും ഗവണ്മെൻറു് നിശ്ചയിച്ചിട്ടുണ്ടു്.

(സി) ഇപ്പോൾ ഉദ്ദേശമില്ല.

ശ്രീ. ടി. കൃഷ്ണൻ : കൊല്ലത്തു തന്നെ ഈസ്റ്റു്, വെസ്റ്റു് എന്നീ പോലീസ് സ്റ്റേഷനോടൊപ്പം കാവനാടു് ഒരു ഔട്ട്പോസ്റ്റു കൂടിയുണ്ടു്. ഇതു് നീണ്ടകര പാലത്തിനടുത്തോട്ടു മാറ്റിസ്ഥാപിക്കുമോ ?

ശ്രീ. ആർ. ശങ്കർ : വളരെക്കാലമായി നിലവിലിരിക്കുന്ന ഒരു ഔട്ട്പോസ്റ്റു് രണ്ടു ഫർലോംഗു് മാറ്റിസ്ഥാപിക്കണമെന്നാണു് നിർദ്ദേശം. അതാവശ്യമാണെന്നു തോന്നുന്നില്ല.

## പോലീസ് നായ്ക്കൾ.

* 164. [20] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ പോലീസ് ഡിപ്പാർട്ടുമെൻറു വകയായി എത്ര പോലീസ് നായ്ക്കളുണ്ടു് ; പരിശീലനം പൂർത്തിയായവ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly